# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 1207

02.03.2017-ൽ മറുപടിക്ക്

## ബഹുതല പഠന കേന്ദ്രങ്ങളിലെ അദ്ധ്യാപക -അനദ്ധ്യാപക നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.കെ. അബ്ദു റബ്ബ് | | പ്രൊഫ : സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | ബഹുതല പഠന കേന്ദ്രങ്ങളിലെ (MGLC) അദ്ധ്യാപക - അനദ്ധ്യാപക നിയമന രീതിയും മാനദണ്ഡങ്ങളും വ്യക്തമാക്കാമോ ; | എ) | എം.ജി.എൽ.സി.യിലെ അദ്ധ്യാപകരെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 29.12.14 ലെ NEP(1)57658/14DPI സർക്കുലർ പ്രകാരം ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമിക്കുന്നത് .(പകർപ്പ് ഉള്ളടക്കംചെയ്യുന്നു) |
| ബി) | എം.ജി.എൽ.സി.കളിൽ നിലവിലുള്ള ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | ബി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല |
| സി) | 01.03.2014 ലെ GO(MS)44/2014/ G.Edn നമ്പർ ഉത്തരവ് പ്രകാരം സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള 111 എം.ജി.എൽ.സികളെ എൽ.പി. സ്കൂളാക്കി മാറ്റിയ നടപടിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | സി) | ചീഫ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ 12.11.15-ൽ കൂടിയ മീറ്റിംഗിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും വസ്തു നിഷ്ഠമായ റിപ്പോർട്ട് ലഭിച്ചശേഷം തുടർ നടപടികൈക്കൊള്ളാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഏകാദ്ധ്യാപക വിദ്യാലയങ്ങളും ഗ്രാമ പഞ്ചായത്ത് മെമ്പറുടെ നേതൃത്വത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറും ബ്ലോക്ക് പ്രോഗ്രാം ആഫീസറും ചേർന്ന് പരിശോധന നടത്തി 31.05.17 നകം റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമായ ഉടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഡി) | തിരുരങ്ങാടി നിയോജക മണ്ഡലത്തിലെ കാളംതിരുത്തി,പരപ്പനങ്ങാടി ആവിൽ ബിച്ച് എന്നീ എം.ജി.എൽ.സി. കൾ എൽ.പി.സ്കൂളുകളാക്കി മാറ്റിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | ഡി) | ഇല്ല. ഇവ ഇപ്പോഴും ഏകാദ്ധ്യാപക വിദ്യാലയങ്ങളായി പ്രവർത്തിച്ചുവരുന്നു.മേൽ വിവരിച്ച റിപ്പോർട്ട് ലഭ്യമായശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

7

**"ഭരണഭാഷ – മാതൃഭാഷ"**

നം: എൻ.ഇ.പി1/57658/14/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 29/12/2014.

## സർക്കുലർ

**വിഷയം:-** ബദൽ/ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാവോളന്റിയർമാരുടെ നിയമനം -സംബന്ധിച്ച്.

**സൂചന :-**

......

1997 മുതൽ, സംസ്ഥാനത്തെ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മേഖലയിലെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുവാൻ പ്രവർത്തിക്കുന്ന പദ്ധതിയാണ് ബദൽ/ഏകാദ്ധ്യാപക വിദ്യാലയങ്ങൾ. 2011-12 അദ്ധ്യായന വർഷം മുതൽ ഇതിന്റെ പ്രവർത്തനം സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്. 2014-15 അദ്ധ്യയന വർഷത്തിൽ കേരളത്തിലെ ആലപ്പുഴ, കോട്ടയം ഒഴികെയുള്ള പന്ത്രണ്ട് ജില്ലകളിലായി ആകെ 321 ബദൽ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. 371 വിദ്യാവോളന്റിയർമാരാണ് ആകെ ജോലി ചെയ്യുന്നത്.

2011-12 അദ്ധ്യായന വർഷം സർവ്വശിക്ഷാ അഭിയാനിൽ നിന്നും ഏറ്റെടുക്കുന്നതും നിലവിൽ പ്രവർത്തിക്കുന്നതുമായ എല്ലാ ബദൽ/ഏകാദ്ധ്യാപക വിദ്യാലയങ്ങളിലും വിദ്യാവോളന്റിയർമാരുടെ സേവനം ലഭിക്കുന്നുണ്ടെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർമാരും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഉറപ്പുവരുത്തേണ്ടതാണ്. നിലവിൽ പ്രവർത്തിക്കുന്ന ബദൽ/ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ എന്തു കാരണത്താലും അദ്ധ്യാപകർ പിരിഞ്ഞു പോവുകയാണെങ്കിൽ അത് അവരിൽ എന്ന് രേഖാമൂലം എഴുതി വാങ്ങേണ്ടതും അതിന് പകരം വിദ്യാ വോളന്റിയർമാരെ നിയമിക്കേണ്ടതുമാണ്. ഇതിന്റെ പൂർണ്ണ ചുമതല ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെ ചുമതലപ്പെടുത്തുന്നു. പുതിയ വിദ്യാ വോളന്റിയർമാരെ നിയമിക്കുമ്പോൾ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ പ്രതിനിധിയുമായി ആലോചിക്കേണ്ടതാണ്. മാത്രമല്ല, നടപടികൾ തീർത്തും സുതാര്യമായിരിക്കേണ്ടതുമാണ്.

നിയമനത്തിനുശേഷം നിലവിലെ സേവന വേതന വ്യവസ്ഥകൾ അനുസരിച്ച് പ്രവർത്തിക്കുന്നതാണ് എന്ന് കാണിച്ചുകൊണ്ടുള്ള കരാർ ഒപ്പിടേണ്ടതുമാണ്. ഈ കരാറിന്റെ കാലാവധി ഒരു വർഷം മാത്രമായിരിക്കും. അതിനുശേഷം കരാർ പുതുക്കുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്. ഇതിനു ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രതിനിധിയുടെ അനുമതി ആവശ്യമാണ്. മാത്രമല്ല നിലവിൽ വിദ്യാ വോളന്റിയർമാർ ഇല്ലാത്ത, എന്നാൽ 2011-12-ൽ സർവ്വ ശിക്ഷാ അഭിയാനിൽ നിന്നും സർക്കാർ ഏറ്റെടുത്തു ഇപ്പോൾ പ്രവർത്തിക്കുന്ന എല്ലാ ബദൽ/ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ വിദ്യാ വോളന്റിയർമാരെ ഇത്തരത്തിൽ നിയമിക്കാവുന്നതാണ്.

നിലവിൽ ജോലി ചെയ്യുന്ന വിദ്യാ വോളന്റിയർമാർ മേൽപ്പറഞ്ഞ പ്രകാരമുള്ള കരാറിൽ ഒപ്പിടേണ്ടതുമാണ്. 31-01-2015 നു മുമ്പായി ഈ പ്രക്രിയ പൂർത്തിയാക്കേണ്ടതുമാണ്.

ഒപ്പ്

**പൊതുവിദ്യാഭ്യാസ അഡീഷണർ ഡയറക്ടർ (ജനറൽ)**

//അംഗീകാരത്തോടെ//

പ്രോജക്ട് ഓഫീസർ

പകർപ്പ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

m-1-1-15